"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഗുരുവായൂർ നഗരസഭ- അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ഡ്രെയിനേജ് & ഫുട്പാത്ത് പ്രവൃത്തിയുടെ ഉദ്ഘാടന ചെലവ് തനതു ഫണ്ടിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1674/2022/LSGD തീയതി,തിരുവനന്തപുരം, 14-07-2022

---

പരാമർശം:- 1. ഗുരുവായൂർ നഗരസഭാ സെക്രട്ടറി സമർപ്പിച്ചിരിക്കുന്ന 15.06.2022 ലെ അപേക്ഷ

**ഉത്തരവ്**

ഗുരുവായൂർ നഗരസഭ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ഡ്രെയിനേജ് & ഫുട്പാത്ത് പ്രവൃത്തിയുടെ ഉദ്ഘാടനം ബഹു തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.എം.വി ഗോവിന്ദൻ മാസ്റ്റർ 2021 ഡിസംബർ 30 ന് നടത്തിയിട്ടുള്ളതാണ്. പ്രസ്തുത പരിപാടിയുടെ സുഗമമായ നടത്തിപ്പിനും ആയതിനോടനുബന്ധിച്ച ചെലവുകൾക്കുമായി നഗരസഭാ ചെർമാന്റെ മുൻകൂർ അനുമതിയോടെ 25000 - രൂപ അഡ്വാൻസ് അനുവദിച്ചിട്ടുള്ളതാണ്. ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ ക്രമീകരണങ്ങൾക്കെല്ലാം കൂടി 57983/ രൂപ ചെലവായിട്ടുണ്ട്. അനുവദിച്ച അഡ്വാൻസിനു പുറമേ ചെലവായ 32983/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഗുരുവായൂർ നഗരസഭാ സെക്രട്ടറി പരാമർസം പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗുരുവായൂർ നഗരസഭ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ഡ്രെയിനേജ് & ഫുട്പാത്ത് പ്രവൃത്തിയുടെ ഉദ്ഘാടനം ബഹു തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി 2021 ഡിസംബർ 30 ന് നടത്തിയ ചടങ്ങിന് അഡ്വാൻസ് നൽകിയതിലും അധികം ചെലവായ 32983/- രൂപ നഗരസഭ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/ചെയർമാൻ, ഗുരുവായൂർ നഗരസഭ.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.